compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജനുവരി 06
**Tuesday, 06th January 2026**

1201 ധനു 22
**22nd Dhanu 1201**

1947 പൌഷം 16
**16th Pousha 1947**

വാല്യം 15
**Vol. XV**

നമ്പർ
**No.** 1

## Part III

## Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: ശ്രീ. സുരേന്ദ്രൻ ചെമ്പ്ര)

നമ്പർ JRMPM/1934/2025-AEL. 2025 നവംബർ 10.

വിഷയം:—സമാപ്തീകരണം—ആതവനാട് പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ ക്ലിപ്തം എം 337—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) മലപ്പുറം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 24-5-2000-ലെ എസ്.സി.ടി.1194/2000 കെഡിസ് നമ്പർ ഉത്തരവ്.

(2) സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) 4-6-2024 തീയതിയിലെ RCS/4672/2023/AEL(1) നമ്പർ ഉത്തരവ്.

(3) സംഘം ലിക്വിഡേറ്ററുടെ 21-10-2025 തീയതിയിലെ പൊതുയോഗ തീരുമാനം.

(4) തിരൂർ അസിസ്റ്റന്റ് രജിസ്ട്രാറുടെ 3-11-2025-ലെ എ.ആർ.ജി.ടി.ഐ.ആർ/655/2024/യു.ഐ(1) നമ്പർ കത്ത്.

(5) മലപ്പുറം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)-ടെ 5-9-2025-ലെ JRMPM/1934/2025-AEL നമ്പർ ഉത്തരവ്.

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ ആതവനാട് ആസ്ഥാനമാക്കി ഒരു കൺസ്യൂമർ സഹകരണ സംഘമായി 11-8-1982-ൽ രജിസ്റ്റർ ചെയ്യപ്പെട്ട് 19-8-1982-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത ആതവനാട് പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ ക്ലിപ്തം എം 337-ന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം 24-5-2000-ന് സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കുറ്റിപ്പുറം യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിക്കുകയും 15-2-2001-ന് ലിക്വിഡേറ്റർ ചാർജ്ജെടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിക്കുകയും ചെയ്തു. പരാമർശം (2) പ്രകാരം ദീർഘിപ്പിച്ച് ലഭിച്ച ലിക്വിഡേറ്ററുടെ കാലാവധി പ്രകാരം നടപടികൾ തുടർന്ന് വരുകയും സമാപ്തീകരണ നടപടികൾ പൂർത്തിയാക്കി അന്തിമ പൊതുയോഗം 21-10-2025-ന് വിളിച്ച് ചേർക്കുകയും ചെയ്തിട്ടുണ്ട്.

അന്തിമ പൊതുയോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശിപാർശ ചെയ്ത് പരാമർശം (4) പ്രകാരം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി അപേക്ഷ പരിശോധിച്ച് ബോധ്യപ്പെട്ട വസ്തുതകൾ താഴെ നൽകുന്നു.

സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2)-ന് വിധേയമായി ക്ലെയിം നോട്ടീസ് 30-12-2002-ന് യഥാവിധി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ചുകൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി പിരിച്ചെടുക്കാൻ സാധിക്കുന്ന ആസ്തികൾ പിരിച്ചെടുക്കുകയും കൊടുത്ത് വീട്ടാൻ സാധിക്കുന്നവ കൊടുത്ത് തീർക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ആസ്തി-ബാധ്യതകൾ താഴെ നൽകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ബാധ്യതകൾ | തുക ₹ | ആസ്തികൾ | തുക ₹ |
|---|---|---|---|
| ഷെയർ ക്യാപിറ്റൽ | 4440.00 | ക്യാഷ് അറ്റ് ബാങ്ക് | 2369.00 |
| ഡിപ്രിസിയേഷൻ ഫണ്ട് | 70206.20 | ലോൺ ടു മെമ്പേഴ്സ് | 7382.86 |
| അഡ്ജസ്റ്റിംഗ് ഹെഡ്സ് ഡ്യു ടു | 2850.47 | ഇന്ററസ്റ്റ് റിസീവബിൾ | 9035.03 |
| റിസർവ് ഫോർ ബാഡ് & ഡൗട്ട്ഫുൾ | 7427.92 | ഫർണിച്ചർ | 10250.00 |
| റിസർവ് ഫോർ ഓവർഡ്യു ഇന്ററസ്റ്റ് | 9035.03 | ട്രെയിലർ | 56683.00 |
| റിസർവ് ഫോർ ഡെഫിസിറ്റ് സ്റ്റോക്ക് | 1326.00 | സ്യൂയിംഗ് മെഷീൻ | 9394.05 |
| ഇന്ററസ്റ്റ് പേയെബിൾ | 1750.00 | സ്റ്റോക്ക് ഫോർ സെയിൽ | 7074.00 |
| ഗ്രാന്റ് & സബ്സിഡി | 134883.00 | ഡെഫിസിറ്റ് സ്റ്റോക്ക് | 1326.00 |
| സ്റ്റാഫ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2000.00 | അഡ്വാൻസ് ഡ്യുടു | 10266.72 |
| എസ്റ്റാബ്ലിഷ്മെന്റ് & കണ്ടിജൻസി പേയെബിൾ | 1800.00 | നെറ്റ് ലോസ്സ് | 128159.58 |
| അഡ്വാൻസ് ഡ്യു ബൈ | 6221.62 | | |
| ആകെ | 241940.24 | ആകെ | 241940.24 |

സംഘം കണക്കിലുള്ള ഫർണിച്ചർ വിൽപ്പന നടത്തി ലഭ്യമായ തുക സംഘത്തിലേക്ക് മുതൽ കൂട്ടിയിട്ടുണ്ട്. കൂടാതെ സംഘം കണക്കിലുണ്ടായിരുന്ന ട്രില്ലറിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ലഭിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിലെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുമ്പാകെ അപേക്ഷിക്കുകയും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ട്രില്ലർ പരിശോധിക്കുകയും റിപ്പോർട്ട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് സമർപ്പിച്ചതായി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 20-9-2025-ന് സംഘം ആസ്തിയിലുള്ള മേൽ ട്രില്ലറിന്റെ ലഭ്യമായ ഭാഗങ്ങൾ പൊതു ലേലത്തിൽ വയ്ക്കുകയും ലഭ്യമായ തുക സംഘം കണക്കിലേക്ക് മുതൽ കൂട്ടുകയും ചെയ്തിട്ടുണ്ട്. ഫർണിച്ചർ, സ്യൂയിംഗ് മെഷീൻ, ട്രില്ലർ എന്നീ ആസ്തികൾ വിൽപ്പന നടത്തിയതിനെ തുടർന്ന് ഡിപ്രിസിയേഷൻ ഫണ്ട് ഭർത്തിയാക്കുകയും ബാക്കി ലഭ്യമായ തുക ക്യാപിറ്റൽ റിസർവ്വിലേക്കും നെറ്റ് ലോസിലേക്കും അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ ആസ്തി-ബാധ്യത കണക്കിൽ തുടർന്നും ബാക്കിനിന്നിരുന്നതും എന്നാൽ യാതൊരു നിലക്കും ഈടാക്കാൻ കഴിയാത്തതുമായ ലിക്വിഡേറ്ററുടെ പേരിലുള്ള 172329.04 രൂപയുടെ ആസ്തികളും കൊടുത്ത് വീട്ടാൻ കഴിയാത്ത 172329.04 രൂപയുടെ ബാധ്യതകളും യഥാക്രമം എഴുതി തള്ളുന്നതിനും കണ്ട് കെട്ടുന്നതിനും ലിക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ ആയതിനു ശിപാർശ ചെയ്തതിന്റേയും അടിസ്ഥാനത്തിൽ അവ യഥാക്രമം എഴുതി തള്ളിയും കണ്ട് കെട്ടിയും പരാമർശം (5) പ്രകാരം ഉത്തരവാകുകയും ചെയ്തു. അപ്രകാരം എഴുതി തള്ളുകയും കണ്ട് കെട്ടുകയും ചെയ്ത ആസ്തികളും ബാധ്യതകളും താഴെ നൽകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ബാധ്യതകൾ | തുക ₹ | ആസ്തികൾ | തുക ₹ |
|---|---|---|---|
| ഷെയർ ക്യാപിറ്റൽ | 4440.00 | ലോൺ ടു മെമ്പേഴ്സ് | 7382.86 |
| അഡ്ജസ്റ്റിംഗ് ഹെഡ്സ് ഡ്യു ടു | 2850.47 | ഇന്ററസ്റ്റ് റിസീവബിൾ | 9035.03 |
| റിസർവ്വ് ഫോർ ബാഡ് & ഡൗട്ട്ഫുൾ | 7427.92 | സ്റ്റോക്ക് ഫോർ സെയിൽ | 7074.00 |
| റിസർവ്വ് ഫോർ ഓവർഡ്യു ഇന്ററസ്റ്റ് | 9035.03 | ഡെഫിസിറ്റ് സ്റ്റോക്ക് | 1326.00 |
| റിസർവ്വ് ഫോർ ഡെഫിസിറ്റ് സ്റ്റോക്ക് | 1326.00 | അഡ്വാൻസ് ഡ്യുടു | 3942.72 |
| ഇന്ററസ്റ്റ് പേയെബിൾ | 1750.00 | നെറ്റ് ലോസ്സ് | 143568.43 |
| ഗ്രാന്റ് & സബ്സിഡി | 134883.00 | | |
| സ്റ്റാഫ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2000.00 | | |
| എസ്റ്റാബ്ലിഷ്മെന്റ് & കണ്ടിജൻസി പേയെബിൾ | 1800.00 | | |
| ക്യാപിറ്റൽ റിസർവ്വ് | 595.00 | | |
| അഡ്വാൻസ് ഡ്യു ബൈ | 6221.62 | | |
| ആകെ | 172329.04 | ആകെ | 172329.04 |

മേൽ പ്രകാരമുള്ള നടപടികൾക്ക് ശേഷം ലിക്വിഡേറ്ററുടെ പേരിലുള്ള ബാങ്ക് നിക്ഷേപം അവസാനിപ്പിച്ച് സംഘം കണക്കിൽ ലിക്വിഡേറ്റർ മുതൽക്കൂട്ടിയ ആകെ തുകയുടെ നിയമാനുസൃത നിരക്കിൽ കണക്കാക്കിയ ₹ 5,083 ലിക്വിഡേഷൻ ചാർജ്ജിനത്തിൽ അടവാക്കുകയും തുടർന്ന് ബാക്കി നിന്നിരുന്ന തുക ₹ 24,966 മുഴുവനായും തിരൂർ അസിസ്റ്റന്റ് രജിസ്ട്രാരുടെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് 24-9-2025-ന് അടവാക്കി ലിക്വിഡേറ്ററുടെ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുമുണ്ട്.

ലിക്വിഡേഷൻ ആഡിറ്റ് യഥാവിധി എ.ഇ.എൽ. ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാർ ബാധ്യതകൾ മുഴുവനായും അടവാക്കിയിട്ടുണ്ട്. സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് അന്തിമ പൊതുയോഗം 21-10-2025-ന് ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് സംഘത്തിന്റെ അന്തിമ പൊതുയോഗത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പ് 73 (3)-ന് വിധേയമായ റിപ്പോർട്ട് സഹിതം തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് ശിപാർശയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ ലിക്വിഡേറ്ററുടെ കാലാവധി ദീർഘിപ്പിച്ച് ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന് കാണുന്നു. എന്നിരുന്നാലും കാലാവധി ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കാലതാമസം വരുമെന്നും ആയതിനാൽ പത്ത് വർഷത്തിലധികം പഴക്കമുള്ളതും ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കിയതുമായ സംഘങ്ങളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണെന്ന ബഹുമാനപ്പെട്ട സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകുകയും ചെയ്ത സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഉത്തരവ്**

ആതവനാട് പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ ക്ലിപ്തം നമ്പർ എം 337-ന്റെ അന്തിമ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ കേരള സഹകരണ സംഘം നിയമം 1969 ചട്ടം 70 പ്രകാരം മൂന്ന് വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്ക് ശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ
കാര്യാലയം, മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ക്ലെയിം നോട്ടീസ്**

[കേരള സഹകരണ നിയമം ചട്ടം 69 (2) പ്രകാരം]

നമ്പർ ARGTIR/848/2025-UI(2). 2025 നവംബർ 25.

മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ജനറലിന്റെ 25-8-2025-ലെ ജെ. ആർ. എം. പി. എം./461/2025/എച്ച്. എം. സി. (2) നമ്പർ ഉത്തരവ് പ്രകാരം തിരൂർ താലൂക്ക് സഹകരണ കാർഷിക വിപണന സംസ്ക്കരണ സംഘം ക്ലിപ്തം നമ്പർ എം. 499-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി തിരൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ താനൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക ലഭിക്കാനുണ്ടെങ്കിൽ ടി വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 60 ദിവസത്തിനുള്ളിൽ നേരിട്ടോ ചുമതലപ്പെടുത്തുന്ന ഏജന്റ് മുഖാന്തിരമോ അറിയിക്കേണ്ടതാണെന്നും ടി സംഘത്തിലേക്ക് എന്തെങ്കിലും ഇനത്തിൽ അടവാക്കുവാനുണ്ടെങ്കിൽ അടയ്ക്കാനുള്ള തുക ഒരു മാസത്തിനകം നേരിട്ട് അടച്ച് രസീത് വാങ്ങേണ്ടതുമാണെന്നും ഇതിനാൽ പൊതുജനങ്ങളേയും സംഘാംഗങ്ങളേയും അറിയിച്ചുകൊള്ളുന്നു.

സംഘത്തിന്റെ എല്ലാ ആസ്തി ബാധ്യതകളും ഈ ക്ലെയിം നോട്ടീസ് പ്രകാരം ലിക്വിഡേറ്റർ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായിരിക്കുന്നതും സംഘത്തിന്റെ ഏതൊരു ആസ്തിയും മേലിൽ മറ്റാരും കൈകാര്യം ചെയ്യാൻ പാടില്ലാത്തതും ആരുടെയെങ്കിലും കൈവശം സംഘം ആസ്തികൾ നിലവിലുണ്ടെങ്കിൽ ആയത് ഉടൻ തന്നെ ലിക്വിഡേറ്റർക്ക് കൈമാറേണ്ടതുമാണെന്ന വിവരം ഏവരേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

ലിക്വിഡേറ്റർ/താനൂർ യൂണിറ്റ് ഇൻസ്പെക്ടർ,
തിരൂർ താലൂക്ക് സഹകരണ കാർഷിക
വിപണന സംസ്ക്കരണ സംഘം
ക്ലിപ്തം നമ്പർ എം. 499.

സഹകരണ സംഘം അസിസ്റ്റന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്,
തിരൂർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാസറഗോഡ് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(1)

നമ്പർ ഒ/716/2025. 2025 ഡിസംബർ 1.

വിഷയം:—കാസറഗോഡ് വനിത സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 326—സമാപ്തീകരണം—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ കാസറഗോഡ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ബദിയഡുക്ക യൂണിറ്റ് ഇൻസ്പെക്ടറുടെ 28-2-2025-ലെ 81/2025/ബി നമ്പർ അന്വേഷണ റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 5-6-2025-ലെ ഇതേ നമ്പർ നോട്ടീസ്.

(3) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 8-5-2025-ലെ 16/2025/ഐ നമ്പർ കത്ത്.

കാസറഗോഡ് വനിത സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 326, 15-1-2022-ൽ രജിസ്റ്റർ ചെയ്യുകയും 6-2-2022-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘത്തിന്റെ 2021-22 ആഡിറ്റ് പൂർത്തീകരിച്ചിരുന്നെങ്കിലും സംഘം ദീർഘകാലമായി പ്രവർത്തന രഹിതമായിരുന്നു. സംഘത്തിന്റെ ഭരണ സമിതിയുടെ കാലാവധി 17-11-2020-ൽ അവസാനിച്ചതാണ്. തുടർന്ന് സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിലേക്കായി കാസറഗോഡ് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 4-12-2023-ലെ ഒ.1467/2023 നമ്പർ ഉത്തരവ് പ്രകാരം മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ച് ഉത്തരവാക്കിയിരുന്നെങ്കിലും ടി കമ്മിറ്റിക്ക് സംഘത്തിൽ തെരെഞ്ഞെടുപ്പ് നടത്തുന്നതിനോ സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനോ സാധിച്ചിരുന്നില്ല.

സംഘം നിലവിൽ പ്രവർത്തന രഹിതമാണെന്നും സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ച കാലയളവിൽ നിക്ഷേപ വായ്പ പ്രവർത്തനങ്ങൾ ഉൾപ്പെടെ നടത്തിവന്നിരുന്നെങ്കിലും പിന്നീട് സംഘത്തിന്റെ പ്രവർത്തനങ്ങൾ കുറഞ്ഞുവരികയും നിലവിൽ പ്രവർത്തനരഹിതമാണെന്നും, സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ല എന്നും സൂചന (1) അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിൽ ഇല്ലാത്തതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (3) കത്ത് പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡ് ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംഘം പ്രവർത്തനം തുടർന്ന് കൊണ്ട് പോകുന്നതിനുള്ള സാധ്യതയില്ലായെന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71 (1) വകുപ്പനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും അല്ലാത്ത പക്ഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് സൂചന (2) പ്രകാരം സാംഘത്തിന്റെ അവസാനം ഉണ്ടായിരുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് കാണിച്ചുകൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ, കാസറഗോഡ് എന്നിവർക്കും നോട്ടീസ് നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും ആരും തന്നെ യാതൊരു ആക്ഷേപമോ, അഭിപ്രായമോ അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഉത്തരവ്**

1. കാസറഗോഡ് വനിത സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 326 കേരള സഹകരണ നിയമം 71 (1)-ാം വകുപ്പ് പ്രകാരം കാസറഗോഡ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ കാസറഗോഡ് യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

2. ലിക്വിഡേറ്റർ 72 (2) വകുപ്പ് പ്രകാരം സംഘത്തിന്റെ എല്ലാ റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഉടനെ ഏറ്റെടുക്കേണ്ടതും, സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(2)

നമ്പർ ഒ. 780/2025. 2025 ഡിസംബർ 4.

വിഷയം:—കാസറഗോഡ് പോർട്ട് മാന്വൽ ഡ്രഡ്ജിംഗ് വർക്കേഴ്സ് ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 495—സമാപ്തീകരണം—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ കാസറഗോഡ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ബദിയഡുക്ക യൂണിറ്റ് ഇൻസ്പെക്ടറുടെ 30-11-2024-ലെ 491/2024/ബി നമ്പർ അന്വേഷണ റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 13-6-2025-ലെ ഇതേ നമ്പർ നോട്ടീസ്.

(3) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), കാസറഗോഡിന്റെ 4-1-2025-ലെ 1103/2023/ഒഐ നമ്പർ കത്ത്.

കാസറഗോഡ് പോർട്ട് മാന്വൽ ഡ്രഡ്ജിംഗ് വർക്കേഴ്സ് ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 495 30-5-2013-ൽ രജിസ്റ്റർ ചെയ്യുകയും 30-10-2013-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘത്തിന്റെ 2022-2023 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിരുന്നെങ്കിലും സംഘം ദീർഘകാലമായി പ്രവർത്തന രഹിതമായിരുന്നു. സംഘത്തിന്റെ ഭരണ സമിതിയുടെ കാലാവധി 2020-ൽ അവസാനിച്ചതാണ്. തുടർന്നുള്ള കാലയളവിൽ സംഘത്തിൽ ഭരണ സമിതിയോ അഡ്മിനിസ്ട്രേറ്റ് കമ്മിറ്റിയോ ചാർജ്ജെടുത്തിരുന്നില്ല.

സംഘം നിലവിൽ പ്രവർത്തന രഹിതമാണെന്നും സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ച കാലയളവിൽ മണൽ വാരൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്നെങ്കിലും പിന്നീട് മണൽ വാരുന്നതിനുള്ള അനുവാദം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലൂടെ നൽകിയതിലൂടെ സംഘത്തിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ കുറഞ്ഞുവരികയും സംഘം നിലവിൽ പ്രവർത്തനരഹിതമാണെന്നും സംഘത്തെ പുനരുജ്ജീവിപ്പിക്കാൻ സാധ്യമല്ലെന്നും സംഘത്തിന്റെ 2015-2020 വർഷത്തെ ഭരണസമിതിയിലെ പ്രസിഡന്റ് ശ്രീ. നജീബ്, കെ. എ., വൈസ് പ്രസിഡന്റ് ശ്രീ. അബ്ദുൽ റഹിമാൻ, ടി. എ. എന്നിവർ സംയുക്തമായി മൊഴി നൽകിയിരുന്നുവെന്നും സംഘത്തെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ല എന്ന് സൂചന (1) അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിൽ ഇല്ലാത്തതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (3) കത്ത് പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), കാസറഗോഡ് ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംഘം പ്രവർത്തനം തുടർന്ന് കൊണ്ട് പോകുന്നതിനുള്ള സാധ്യതയില്ലായെന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71 (1) വകുപ്പ് അനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും അല്ലാത്തപക്ഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് സൂചന (2) പ്രകാരം സംഘത്തിന്റെ അവസാനം ഉണ്ടായിരുന്ന ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് കാണിച്ചുകൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ കാസറഗോഡ് എന്നിവർക്കും നോട്ടീസ് നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും ആരും തന്നെ യാതൊരു ആക്ഷേപമോ അഭിപ്രായമോ അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

1. കാസറഗോഡ് പോർട്ട് മാന്വൽ ഡ്രഡ്ജിംഗ് വർക്കേഴ്സ് ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 495 കേരള സഹകരണ നിയമം 71(1)-ാം വകുപ്പ് പ്രകാരം കാസറഗോഡ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ ബദിയഡുക്ക യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

2. ലിക്വിഡേറ്റർ 72(2) വകുപ്പ് പ്രകാരം സംഘത്തിന്റെ എല്ലാ റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഉടനെ ഏറ്റെടുക്കേണ്ടതും, സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(3)

നമ്പർ ഒ.704/2025. 2025 ഡിസംബർ 3.

വിഷയം:—കാസറഗോഡ് ഡിസ്ട്രിക്ട് ഹോമിയോപതിക് ഹോസ്പിറ്റൽ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 34—സമാപ്തീകരണം—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ കാസറഗോഡ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ചെമ്മനാട് യൂണിറ്റ് ഇൻസ്പെക്ടറുടെ 28-2-2025-ലെ 77/2025/സി നമ്പർ അന്വേഷണ റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 28-5-2025-ലെ ഇതേ നമ്പർ നോട്ടീസ്.

(3) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 8-5-2025-ലെ 16/2025/ഐ നമ്പർ കത്ത്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാസറഗോഡ് ഡിസ്ട്രിക്ട് ഹോമിയോപതിക് ഹോസ്പിറ്റൽ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 34, 2-4-1988-ൽ രജിസ്റ്റർ ചെയ്യുകയും 28-4-1988-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘത്തിന്റെ 2017-18 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിരുന്നെങ്കിലും സംഘം ദീർഘകാലമായി പ്രവർത്തന രഹിതമായിരുന്നു. സംഘത്തിന്റെ ഭരണ സമിതിയുടെ കാലാവധി 28-12-2022-ൽ അവസാനിച്ചതാണ്. തുടർന്നുള്ള കാലയളവിൽ സംഘത്തിൽ ഭരണ സമിതിയോ അഡ്മിനിസ്ട്രേറ്റ് കമ്മിറ്റിയോ ചാർജ്ജെടുത്തിരുന്നില്ല.

സംഘം നിലവിൽ പ്രവർത്തന രഹിതമാണെന്നും, സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ച കാലയളവിൽ ഹോസ്പിറ്റൽ പ്രവർത്തനങ്ങൾ ഉൾപ്പെടെ നടത്തിവന്നിരുന്നെങ്കിലും പിന്നീട് സംഘത്തിന്റെ പ്രവർത്തനങ്ങൾ കുറഞ്ഞുവരികയും നിലവിൽ പ്രവർത്തന രഹിതമാണെന്നും, 2017-2022 കാലയളവിലേക്ക് തെരഞ്ഞെടുത്ത ഭരണസമിതി ചുമതല ഏറ്റെടുക്കുമ്പോൾ സംഘം വളരെ ദയനീയാവസ്ഥയിലായിരുന്നുവെന്നും, സംഘത്തിൽ ഉണ്ടായിരുന്ന ജീവനക്കാരെല്ലാം രാജിവച്ച് പോയിരുന്നുവെന്നും, എന്നിരുന്നാലും സംഘത്തെ പ്രവർത്തന ക്ഷമമാക്കുന്നതിന് ടി ഭരണസമിതി പരമാവധി ശ്രമിച്ചിരുന്നുവെന്നും, എന്നാൽ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചില്ലായെന്നും, സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ലായെന്നും ആയതിനാൽ സംഘത്തെ സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംഘത്തിന്റെ അവസാന ഭരണസമിതിയിലെ പ്രസിഡന്റ് ശ്രീ. രവീന്ദ്രൻ, എം. കെ., ഹോണററി സെക്രട്ടറി ശ്രീ. അജയകുമാർ നായർ, ഭരണസമിതി അംഗങ്ങളായ ശ്രീ. പി. രവീന്ദ്രൻ പിള്ള, ശ്രീ. സുനിൽ, എസ്., ജോ. ജി. ശ്രീകുമാർ എന്നിവർ സംയുക്തമായി അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും, സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ല എന്ന് സൂചന (1) അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിൽ ഇല്ലാത്തതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (3) കത്ത് പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡ് ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംഘം പ്രവർത്തനം തുടർന്ന് കൊണ്ട് പോകുന്നതിനുള്ള സാധ്യതയില്ലായെന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71(1) വകുപ്പ് അനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും അല്ലാത്ത പക്ഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് സൂചന (2) പ്രകാരം സംഘത്തിന്റെ അവസാനം ഉണ്ടായിരുന്ന ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് കാണിച്ചുകൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ കാസറഗോഡ് എന്നിവർക്കും നോട്ടീസ് നല്കിയിരുന്നു. എന്നാൽ നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും ആരും തന്നെ യാതൊരു ആക്ഷേപമോ, അഭിപ്രായമോ അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഉത്തരവ്**

1. കാസറഗോഡ് ഡിസ്ട്രിക്ട് ഹോമിയോപതിക് ഹോസ്പിറ്റൽ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്.34 കേരള സഹകരണ നിയമം 71 (1)-ാം വകുപ്പ് പ്രകാരം കാസറഗോഡ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ ചെമ്മനാട് യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

2. ലിക്വിഡേറ്റർ 72 (2) വകുപ്പ് പ്രകാരം സംഘത്തിന്റെ എല്ലാ റിക്കോർഡുകളുടേയും ആസ്തികളുടേയും ചാർജ്ജ് ഉടനെ ഏറ്റെടുക്കേണ്ടതും, സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ)
ആഫീസ്, കാസറഗോഡ്.

(ഒപ്പ്)
സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.01.06 02:56:57 +05:30